**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2421** **13-09-2023 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച കെ-സ്റ്റോറുകൾ വഴി പൊതുജനങ്ങൾക്കു ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരെഞ്ഞെടുക്കുന്ന റേഷൻ കടകൾ വഴി സിറ്റിസൺ സർവീസ് സെന്റർ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, ഐ.ഒ.സിയുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനമാണ് നിലവിൽ നടന്ന് വരുന്നത്. ടി സേവനങ്ങൾക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉത്പന്നങ്ങൾ (96 ഉത്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉത്പന്നങ്ങൾ, Meat Products of India യുടെ ഉത്പന്നങ്ങൾ, മിൽമയുടെ കൂടുതൽ ഉത്പന്നങ്ങൾ എന്നിവ കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | ആകെ എത്ര കെ-സ്റ്റോറുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ; | (ബി) | കെ-സ്റ്റോർ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 108 കടകളാണ് തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു. |

| ക്രമ നം. | ജില്ല | കെ-സ്റ്റോറിന്റെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 13 |
| 2. | കൊല്ലം | 7 |
| 3. | പത്തനംതിട്ട | 5 |
| 4. | ആലപ്പുഴ | 7 |
| 5. | കോട്ടയം | 5 |
| 6. | ഇടുക്കി | 6 |
| 7. | എറണാകുളം | 6 |
| 8. | തൃശ്ശൂർ | 10 |
| 9. | പാലക്കാട് | 11 |
| 10. | മലപ്പുറം | 8 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>11.</td><td>കോഴിക്കോട്</td><td>10</td></tr>
<tr><td>12.</td><td>വയനാട്</td><td>5</td></tr>
<tr><td>13.</td><td>കണ്ണൂർ</td><td>10</td></tr>
<tr><td>14.</td><td>കാസർഗോഡ്</td><td>5</td></tr>
<tr><td></td><td>ആകെ</td><td>108</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>പുതുതായി കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?</td>
<td>(സി)</td>
<td>രണ്ടാം ഘട്ടമായി സംസ്ഥാനത്തെ 200 റേഷൻകടകളിൽ കൂടി കെ-സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പദ്ധതിക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ<br><br>4. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര / വിദൂര / ഒറ്റപ്പെട്ട / ആദിവാസി മേഖലകൾ എന്നിവിടങ്ങളിലെ റേഷൻകടകൾ.</td>
</tr>
</table>

സെക്ഷൻ ഓഫീസർ